താൽക്കാലികമായി നടത്തിയത്. ഇത് ബ്യൂറോയുടെ സുഗമമായ പ്രവർത്തനത്തിനും പുതിയ ഓഫീസുകൾ അനുവദിച്ച സാഹചര്യത്തിലുമാണ് പുനർ വിന്യാസം എന്ന നിലയിൽ വേണ്ടിവന്നത്.

59 (59) കേരള ഹൗസിലെ സ്റ്റ്യൂവാർഡ് തസ്തിക

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂഡൽഹിയിലെ കേരള ഹൗസിൽ സ്റ്റ്യൂവാർഡ് തസ്തികയിൽ നിയമനം നൽകേണ്ടതില്ലെന്ന് 1997 സെപ്റ്റംബർ മാസത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ആ തസ്തികയിൽ പിന്നീട് എപ്പോഴാണ് നിയമനം നടത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) സ്റ്റ്യൂവാർഡ് തസ്തികയിൽ നിയമനം നടത്തേണ്ടന്ന് ഗവൺമെന്റ് നിർദ്ദേശം നൽകുമ്പോൾ ആ നിർദ്ദേശം ഏതെങ്കിലും ഒരു ഒഴിവിന് മാത്രമാണെന്ന് വ്യാഖ്യാനം നിയമാനുസൃതമാണോ;

(ഡി) ഒരു ഉയർന്ന തസ്തികയിൽ ഒഴിവുണ്ടാകുമ്പോൾ പ്രത്യേക നിയമനവ്യവസ്ഥകളില്ലാത്ത അവസ്ഥയിൽ യോഗ്യരായ എല്ലാവർക്കും അവസരം നൽകണമെന്ന സാമാന്യ നീതി സ്റ്റ്യൂവാർഡ് തസ്തികയിലെ നിയമനത്തിന് നൽകിയിട്ടുണ്ടോ;

(ഇ) കേരള ഹൗസിലെ സ്റ്റ്യൂവാർഡ് തസ്തികയിലേക്ക് പരിഗണിക്കപ്പെടാൻ യോഗ്യരായ ധാരാളം ജീവനക്കാർ അവിടെ ഉണ്ടായിരിക്കെ നേരിട്ട് നിയമനം നടത്താൻ തീരുമാനിച്ചതിന്റെ ഉദ്ദേശം വെളിപ്പെടുത്തുമോ;

(എഫ്)സ്റ്റ്യൂവാർഡ് തസ്തികയിൽ നേരിട്ട് നിയമനം നടത്തിയത് കാലാവധി കഴിഞ്ഞ ലിസ്റ്റിൽ നിന്നായിരുന്നോ;

(ജി) ട്രാൻസ്ഫർ വഴി നിയമനത്തിന് അപേക്ഷിച്ചവരുടെ നിയമനം തടഞ്ഞുവച്ചുകൊണ്ട് പുതിയ തസ്തിക സൃഷ്ടിച്ച് നേരിട്ട് നിയമനം നടത്തിയത് വിവേചനപരമാണെന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഇതിനെതിരെ ഏതെങ്കിലും പരാതി അധികൃതർക്ക് ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കേരളഹൗസിൽ നിലവിൽ ബെയറർ/റൂംബോയ് തസ്തികയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരിൽ സ്റ്റ്യൂവാർഡ് തസ്തികയിലേക്ക് മാറ്റം ലഭിക്കുവാൻ താൽപര്യമുള്ള ജീവനക്കാർ ഉണ്ടായിരുന്നതിനാൽ, ഒഴിവുള്ള സ്റ്റ്യൂവാർഡിന്റെ ഒരു തസ്തികയിൽ ഇപ്രകാരമുള്ള അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതുവരെ നിയമനം നടത്തേണ്ടതില്ല എന്ന് 1997 സെപ്റ്റംബർ മാസത്തിൽ ഒരു കത്തു മുഖേന റസിഡന്റ് കമ്മീഷണർക്ക് ഗവൺമെന്റ് നിർദ്ദേശം നൽകിയിരുന്നു.

(ബി) 5.12.98-ലെ (എം.എസ്)നമ്പർ.640/98/ജിഎഡി സർക്കാർ ഉത്തരവിലൂടെയാണ് നിയമനം നടത്തിയത്.

(സി) മുകളിൽ മറുപടി(എ).യിൽ വിവരിച്ചിട്ടുള്ള സാഹചര്യത്തിലാണ് ഇപ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്. ഇതിൽ ക്രമരഹിതമായി ഒന്നും തന്നെയില്ല.

(ഡി)&(ഇ) ഉണ്ട്. പത്രപരസ്യത്തിലൂടെയും ഡൽഹി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയും ലഭിച്ച ഉദ്യോഗാർത്ഥികളിൽ നിന്നാണ് സർക്കാർ നിയ

LIBRARY ARCHIVES Kerala Legislative Assembly

മിച്ച ഒരു കമ്മറ്റി യോഗ്യരായവരെ തെരഞ്ഞെടുത്തിട്ടുള്ളത്. നിശ്ചിത യോഗ്യതയുള്ള കേരളഹൗസ് ജീവനക്കാർക്ക് അപേക്ഷിക്കുവാൻ യാതൊരു വിലക്കും കൽപ്പിച്ചിരുന്നില്ല.

(എഫ്)സെലക്ഷൻ കമ്മിറ്റി തയ്യാറാക്കിയ ലിസ്റ്റിന് ഗവൺമെന്റ് കാലാവധിയൊന്നും നിശ്ചയിച്ചിരുന്നില്ല.

(ജി)&(എച്ച്) നിശ്ചിത യോഗ്യതയുള്ളവരിൽനിന്നും നേരിട്ട് നടത്തിയ നിയമനം വിവേചനപരമാണെന്ന് ഗവൺമെന്റ് കരുതുന്നില്ല.

60 (60) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ ഉദ്യോഗസ്ഥൻമാരുടെ അലവൻസ്

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ എക്സിക്യൂട്ടീവ് സ്റ്റാഫിന് സ്പെഷ്യൽ പേ, വിജിലൻസ് ഡ്യൂട്ടി അലവൻസ് എന്നിവ നൽകുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ;

(ബി) ഈ വിഭാഗക്കാർക്ക് 20 ശതമാനം അധിക ശമ്പളം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വിജിലൻസ് വിഭാഗത്തിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് സ്പെഷ്യൽ പേയോ വിജിലൻസ് ഡ്യൂട്ടി അലവൻസോ നൽകുന്നുണ്ടോ;

(ഡി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ മിനിസ്റ്റീരിയൽ ജീവനക്കാരും എസ്സിക്യൂട്ടീവ് ജീവനക്കാർക്കൊപ്പം പ്രത്യേകമായതും രഹസ്യ സ്വഭാവമുള്ളതുമായ ജോലികളാണ് ചെയ്യുന്നത് എന്ന വസ്തുത പരിഗണിച്ച് അവർക്കും എക്സിക്യൂട്ടീവ് ജീവനക്കാർക്ക് അനുവദനീയമായ പ്രത്യേക ആനുകൂല്യങ്ങൾ അനുവദിക്കുമോ?

ഉത്തരം

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ എക്സിക്യൂട്ടീവ് സ്റ്റാഫിനെ പോലീസ് വകുപ്പിൽനിന്നും ട്രാൻസ്ഫർ മുഖേനയാണ് നിയമിക്കുന്നത്. പോലീസ് വകുപ്പിലെ ജോലിയിൽനിന്നും തികച്ചും വ്യത്യസ്തവും ശ്രമകരവും രഹസ്യസ്വഭാവം ഉള്ളതുമാണ് ഈ വകുപ്പിലെ ജോലി. ആയതിനാൽ സമർത്ഥരും സത്യസന്ധരും നിസ്വാർത്ഥരുമായ ഉദ്യോഗസ്ഥരെ ഈ ബ്യൂറോയിലേക്ക് ആകർഷിക്കുന്നതിനുവേണ്ടിയാണ് ഇവിടത്തെ എക്സിക്യൂട്ടീവ് സ്റ്റാഫിന് സ്പെഷ്യൽ പേ, വിജിലൻസ് ഡ്യൂട്ടി അലവൻസ് എന്നിവ നൽകുന്നത്.

(ബി) 6.3.99-ലെ 28/99 വി.ജി.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എക്സിക്യൂട്ടീവ് സ്റ്റാഫിന് പഴയ നിരക്കിലുള്ള അടിസ്ഥാന ശമ്പളത്തിന്റെ 20 ശതമാനം വിജിലൻസ് ഡ്യൂട്ടി അലവൻസ് അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇതുസംബന്ധിച്ച ഒരു നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly